ഡോ. ഷൊർണൂർ കാർത്തികേയന് ഗുരുപ്രസാദം അവാർഡ്

തൃശൂർ: മുക്തിഭവൻ പ്രീമാരിറ്റൽ കൗൺസലിംഗ് സെന്ററിന്റെ മൂന്നാമത് ഗുരുപ്രസാദം അവാർഡിന് ഡോ. ഷൊർണൂർ കാർത്തികേയൻ അർഹനായി. അദ്ദേഹത്തിന്റെ ഗുരുനാരായണീയം എന്ന കൃതിക്കാണ് പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന അവാർഡ് നൽകുന്നതെന്ന് സെക്രട്ടറി രാജേഷ് പൊൻമല അറിയിച്ചു.

കലാമണ്ഡലം ബാലസുബ്രഹ്മണ്യന് അവാർഡ്

തൃശൂർ: പൈങ്കുളം രാമച്ചാക്യാർ സ്മാരക കലാപീഠം അവാർഡിന് കഥകളി നടൻ കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ അർഹനായി.

5001 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്ന അവാർഡ് മേയ് ഒന്നിന് പൈങ്കുളത്ത് നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുമെന്ന് കലാപീഠം ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. മൂന്നര പതിറ്റാണ്ടിലേറെ കലാമണ്ഡലത്തിൽ കഥകളി അദ്ധ്യാപകനായ ബാലസുബ്രഹ്മണ്യൻ ഇപ്പോൾ പ്രിൻസിപ്പലാണ്.

സ്ത്രീശാക്തീകരണ രംഗത്തെ മികച്ച ദൃശ്യമാദ്ധ്യമ റിപ്പോർട്ടിംഗിന് കോട്ടയം അതിരൂപത ഏർപ്പെടുത്തിയ പുരസ്കാരം നേടിയ എ.സി.വി ന്യൂസ് റിപ്പോർട്ടർ വി.വി. വിനോദ്. 5000 രൂപയും പ്രശസ്തി ഫലകവുമാണ് അവാർഡ്.

കേരള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് യൂണിയൻ സമ്മേളനം

കൊല്ലം: കേരള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് യൂണിയൻ 4-ാം സംസ്ഥാന സമ്മേളനം ഇന്നും നാളെയും കൊല്ലത്ത് നടക്കും.

മൃഗസംരക്ഷണ മേഖലയിൽ കർഷകർ നേരിടുന്ന വെല്ലുവിളികൾ, പാലിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത യ്ക്കനുസരിച്ചുള്ള സേവന വേതന വ്യവസ്ഥകൾ ശമ്പള കമ്മിഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്താത്തതിലുള്ള പ്രതിഷേധം എന്നിവ സമ്മേളനം ചർച്ച ചെയ്യും.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ബാധിക്കുന്ന സർവീസ് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നയപരിപാടികൾക്ക് സമ്മേളനം രൂപം നൽകുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കേരളം വെന്തുരുകുന്നു; കൂടെ മൂടൽമഞ്ഞും

പ്രത്യേക ലേഖകൻ

തിരുവനന്തപുരം : കുംഭച്ചൂടിൽ കേരളം ചുട്ടുപൊള്ളുന്നു. സംസ്ഥാനത്തെ മിക്ക ജില്ലകളിലും കൊടും ചൂടാണ് ഇന്നലെ അനുഭവപ്പെട്ടത്. കൊല്ലം ജില്ലയിലെ പുനലൂരിൽ ഇന്നലെ 37.2 ഡിഗ്രി സെൽഷ്യസ് എന്ന സമീപദിനങ്ങളിലെ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയപ്പോൾ, കണ്ണൂരിലും (35.9 ഡിഗ്രി സെൽഷ്യസ്), തിരുവനന്തപുരത്തും (34 ഡിഗ്രി സെൽഷ്യസ്) ചൂടുപൊള്ളുന്ന ചൂടായിരുന്നു.

കാറ്റ് വളരെ കുറവായതിനാൽ ചൂടിന്റെ കാഠിന്യം ഏറെയായി. മേഘങ്ങൾ കുറവായതിനാൽ സൂര്യരശ്മികൾ നേരിട്ട് പതിക്കാനിടയാക്കിയതാണ് കടുത്ത ചൂടിന് കാരണമായത്. രാവിലെ ചില ഭാഗങ്ങളിൽ നല്ല മൂടൽമഞ്ഞും ഉണ്ടായിരുന്നു. മേഘങ്ങൾ കുറഞ്ഞ ആകാശമായതിനാൽ രാത്രിയിൽ പുറത്തേക്കുള്ള റേഡിയേഷൻ നല്ലതുപോലെ ഉണ്ടാകും.

ഇക്കാരണത്താൽ രാത്രിയിൽ ഭൂമിയുടെ പ്രതലം തണുക്കും. രാവിലെ ഇത് അന്തരീക്ഷ നീരാവിയായി മാറുന്നതുകൊണ്ടാണ് മൂടൽമഞ്ഞ് ഉണ്ടാകുന്നത്.

മാർച്ച് 21 മുതൽ സൂര്യൻ ഭൂമദ്ധ്യരേഖയ്ക്ക് മുകളിൽ വരുന്നതിനാൽ ചൂട് ഇനിയും കൂടും.

ഇത് ഏപ്രിൽ പകുതിവരെ നിൽക്കും. എന്നാൽ, ഇതിനിടെ വേനൽമഴ പെയ്യാൻ സാദ്ധ്യതയുണ്ട്. അങ്ങനെ വന്നാൽ ചൂടിന്റെ കാഠിന്യം കുറയുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം ഡയറക്ടർ സന്തോഷ് പറഞ്ഞു.

കുമ്പള പീഡനം
നരസിംഹനായ്ക്ക് അറസ്റ്റിൽ

കാസർകോട്: യു.പി സ്കൂൾ വിദ്യാർത്ഥികളായ ഇരുപതോളം പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട കേസിലെ പ്രതി കുമ്പള കുണ്ടങ്കേരടുക്കയിലെ നരസിംഹനായ്ക്കിനെ(47) കാസർകോട് ഡിവൈ. എസ്.പി വി ക്രമും സംഘവും അറസ്റ്റു ചെയ്തു.

പീഡനവിവരം പുറത്തറിഞ്ഞതിനെ തുടർന്ന് ബന്ധുവീടുകളിൽ ഒളിച്ചുതാമസിക്കുകയായിരുന്ന ഈയാളെ തൊക്കോട് വച്ച് ഇന്നലെ ഉച്ചയ്ക്ക് പന്ത്രണ്ടുമണിയോടെയാണ് കസ്റ്റഡിയിലെടുത്തതെന്ന് പൊലീസ് പറഞ്ഞു. ഈയാളെ ചോദ്യം ചെയ്തുവരികയാണ്.

അതിനിടെ പീഡനത്തെക്കുറിച്ച് തെളിവുനൽകുന്നതിൽ നിന്ന് പെൺകുട്ടികളിൽ ഭൂരിഭാഗവും തയ്യാറാകാത്ത സാഹചര്യമുണ്ട്. ഇവരുമായി സംസാരിക്കാൻ ചൈൽഡ്ലൈൻ അധികൃതർ ഇന്നലെ സ്കൂളിലെത്തിയിരുന്നു. കുട്ടികളുടെ മാതാപിതാക്കളുമായും ഇവർ സംസാരിച്ചു.

നരസിംഹ നായ്ക്കിനെതിരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാത്സംഗം ചെയ്തുവെന്ന കുറ്റം ചാർത്തിയാണ് കുമ്പള പൊലീസ് കേസെടുത്തിട്ടുള്ളത്. കുമ്പള കുണ്ടങ്കേരടുക്കയിലെ പന്ത്രണ്ടുകാരിയുടെ പരാതിയിലാണ് കേസ്. പത്തോളം പെൺകുട്ടികളെ പീഡിപ്പിച്ചതായാണ് പെൺകുട്ടിയുടെ മൊഴിയനുസരിച്ച് പൊലീസ് രജിസ്റ്റർ ചെയ്ത കേസ്. നരസിംഹനായ്ക്കിനെ ഇന്ന് കോടതിയിൽ ഹാജരാക്കും.

നരസിംഹനായ്ക്ക്

അതിനിടെ നരസിംഹനായക്കിന്റെ ലോട്ടറി -മഡ്ക്ക കേന്ദ്രത്തിൽ റെയ്ഡ് നടത്തിയ പൊലീസ് സംഘം അഞ്ചുപേരെ അറസ്റ്റുചെയ്തു.

ചെട്ടിഗദ്ദയിലെ വി. അശോകൻ(40), ആരിക്കാടിയലെ കെ. സഞ്ജീവ്(48), ബംബ്രാണയിലെ എറമു(34),കുണ്ടങ്കേരടുക്കയിലെ കിരൺകുമാർ(18),കട്ടത്തടുക്കയിലെ സന്തോഷ്(25) എന്നിവരെയാണ് അറസ്റ്റുചെയ്തത്.

ഇവരിൽ നിന്ന് 1495 രൂപയും പൊലീസ് പിടികൂടി.

നരസിംഹനായ്ക്കിന്റെ കടയിലേക്ക് നടത്തിയ പ്രകടനത്തിനിടയിൽ അന്തുഞ്ഞിയെന്നയാളുടെ കട അടിച്ചുതകർത്ത സംഭവത്തിൽ 25 ഓളം യൂത്ത് ലീഗ് പ്രവർത്തകർക്കെതിരെ കുമ്പള പൊലീസ് കേസെടുത്തിട്ടുമുണ്ട്.

നാലുപേരെ അറസ്റ്റുചെയ്തിട്ടുമുണ്ട്. യൂത്ത് ലീഗ് പ്രകടനത്തിന് നേരെ കല്ലെറിഞ്ഞ സംഭവത്തിൽ 25 ഓളം സി.ഐ.ടി.യു പ്രവർത്തകർക്കെതിരെയും പൊലീസ് കേസെടുത്തിട്ടുണ്ട്.

മലയാള ഭാഷാ പഠനകേന്ദ്രത്തിന് അംഗീകാരം

തിരുവനന്തപുരം: കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ ആരംഭിച്ച മലയാള ഭാഷാ പഠനകേന്ദ്രം 2010ലെ ലിംക ബുക്ക് ഒഫ് റെക്കാഡ്സിൽ ഇടം നേടി.

സംസ്ഥാനത്തിനുപുറത്ത് മാതൃഭാഷ പഠിക്കാനുള്ള ഏറ്റവും വലിയ പഠനശൃംഖലയാണിത്. 170 പഠനകേന്ദ്രങ്ങളിലായി 2580 പ്രവാസി മലയാളി വിദ്യാർത്ഥികളാണ് ഡൽഹിയിൽ മലയാളം പഠിക്കുന്നത്.

ഡോ. എഴുമറ്റൂർ രാജരാജവർമ്മ, ഡോ. ഓംചേരി എൻ.എൻ പിള്ള എന്നിവർ മുൻകൈയെടുത്ത് 2005 നവംബർ ഏഴിന് ആരംഭിച്ച ഈ കേന്ദ്രം ഔദ്യോഗികഭാഷാ വിഭാഗം, നോർക്ക, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പ്രവർത്തിക്കുന്നത്.



മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ കോട്ടയം തിരുനക്കര മൈതാനിയിൽ മദ്യവിരുദ്ധ പൊതുസമ്മേളനം നടക്കുമ്പോൾ അടിച്ച് 'പാമ്പായി' കിടക്കുന്ന ആൾ

ഫോട്ടോ: ശ്രീകുമാർ ആലപ്ര

പി. ശശിക്കെതിരെ നടപടി വൈകരുതെന്ന് ജില്ലാ കമ്മിറ്റി

ഒന്നും പറയാനില്ലെന്ന് ശശി

കണ്ണൂർ: ആരോപണവിധേയനായ സി.പി.എം മുൻ ജില്ലാ സെക്രട്ടറി പി. ശശിക്കെതിരെ നടപടി വൈകിക്കരുതെന്ന് കണ്ണൂർ ജില്ലാ കമ്മിറ്റി സംസ്ഥാന കമ്മിറ്റി മുമ്പാകെ ആവശ്യമുന്നയിച്ചു.

കണ്ണൂരിലെ യുവജന നേതാവിന്റെ ഭാര്യ നൽകിയ പരാതിയെത്തുടർന്ന് കമ്മിഷൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ശശി കുറ്റക്കാരനാണെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ നടപടി വൈകുന്നത് പാർട്ടിയുടെ പ്രതിച്ഛായയെ ബാധിക്കുമെന്നാണ് ജില്ലാ കമ്മിറ്റിയുടെ വിലയിരുത്തൽ.

വിശദമായ അന്വേഷണത്തിനും തെളിവെടുപ്പിനും ശേഷമാണ് പാർട്ടി കേന്ദ്ര കമ്മിറ്റി അംഗങ്ങളായ എ. വിജയരാഘവൻ, വൈക്കം വിശ്വൻ എന്നിവരുൾപ്പെട്ട കമ്മിഷൻ സംസ്ഥാന കമ്മിറ്റിക്ക് കഴിഞ്ഞ ദിവസം റിപ്പോർട്ട് നൽകിയത്. ഈ റിപ്പോർട്ട് സംസ്ഥാന സമിതി യോഗത്തിൽ സെക്രട്ടറി പിണറായി വിജയൻ അവതരിപ്പിച്ചു. ശശിക്കെതിരെ നടപടി വേണമെന്ന് ഒറ്റക്കെട്ടായി അംഗങ്ങൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

നേരത്തേ, ശശിക്കെതിരെ ഉയർന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഡിസംബർ 13ന് ചേർന്ന ജില്ലാ സെക്രട്ടേറിയറ്റ് യോഗം അദ്ദേഹത്തെ സെക്രട്ടറി സ്ഥാനത്തുനിന്ന് ഒഴിവാക്കിയിരുന്നു. പകരം സംസ്ഥാന കമ്മിറ്റി അംഗമായ പി. ജയരാജന് ചുമതല നൽകി. ആരോഗ്യപരമായ കാരണങ്ങളെ തുടർന്ന് ശശിക്ക് അവധി നൽകിയിരിക്കയാണെന്നാണ് ജില്ലാ കമ്മിറ്റി അറിയിച്ചത്. ഒരു യുവജന നേതാവിന്റെ ഭാര്യ രേഖാമൂലം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ യുവതിയിൽ നിന്നും യുവതി ചികിത്സയിൽ കഴിഞ്ഞിരുന്ന നീലേശ്വരത്തെ പ്രകൃതിചികിത്സാകേന്ദ്രം അധികൃതരിൽ നിന്നും കമ്മിഷൻ തെളിവെടുത്തിരുന്നു. ശശിയും പിന്നീട് ഇതേ കേന്ദ്രത്തിൽ ചികിത്സയിലുണ്ടായിരുന്നു. തന്നെ പീഡിപ്പിച്ചതായി യുവതി കമ്മിഷനു മൊഴിനൽകിയിരുന്നു. അതേസമയം ഇങ്ങനെയൊരു അന്വേഷണം നടന്ന വിവരം തനിക്കറിയില്ലെന്നും ഇപ്പോൾ ഒന്നും പ്രതികരിക്കുന്നില്ലെന്നും ശശി പറഞ്ഞു

തേനിലച്ചെടിയിൽനിന്ന് മധുരംവേർതിരിക്കാം; ഗവേഷണത്തിന് അംഗീകാരം

കൊച്ചി: തേനിലച്ചെടിയിൽ നിന്ന് ലളിതവും ചെലവു കുറഞ്ഞതുമായ മാർഗത്തിലൂടെ ഇനി മധുരം വേർതിരിച്ചെടുക്കാം.

കളമശ്ശേരിയിലെ എസ്.സി.എം.എസ് ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത പ്രക്രിയയ്ക്ക് കേന്ദ്ര സർക്കാർ പേറ്റന്റ് നൽകി.

തമിഴ്നാട്ടിലും കേരളത്തിൽ വയനാട്ടിലും കാണപ്പെടുന്ന തേനില ചെടിയിൽനിന്ന് (സ്റ്റീവിയ റിബൗഡിയാന) സ്റ്റീവിയോസൈഡ് എന്ന പദാർത്ഥം വികസിപ്പിച്ചെടുക്കുന്ന പ്രക്രിയയ്ക്കാണ് പേറ്റന്റ് ലഭിച്ചത്. പ്രമേഹരോഗ ചികിത്സയ്ക്ക് സ്റ്റീവിയോസൈഡ് ഏറെ ഫലപ്രദമാണ്. സ്റ്റീവിയയിൽ നിന്ന് ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ സ്റ്റീവിയോസൈഡ് വേർതിരിച്ചെടുക്കുന്നുണ്ട്. രക്തത്തിൽ അമിതമായി കൂടുന്ന ഗ്ലൂക്കോസിനെ വലിച്ചെടുക്കാനും പാൻക്രിയാസ് ഗ്രന്ഥിയെ ഉത്തേജിപ്പിച്ച് ഇൻസുലിൻ ഉത്പാദനം കൂട്ടാനും സ്റ്റീവിയോസൈഡിന് കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

തേനിലച്ചെടി



സ്റ്റീവിയോസൈഡ്

വെളുത്ത പരൽ രൂപത്തിലുള്ള സ്റ്റീവിയോസൈഡിന് പഞ്ചസാരയെക്കാൾ മുന്നൂറു മുതൽ അഞ്ഞൂറിരട്ടി വരെ മധുരമുണ്ട്. പ്രമേഹ രോഗികൾക്ക് നിർഭയം ഉപയോഗിക്കാമെന്നതിനാൽ വിപണിയിൽ ഒരു കിലോ ശുദ്ധീകരിച്ച സ്റ്റീവിയോസൈഡിന് അയ്യായിരം രൂപ മുതൽ പതിനായിരം രൂപ വരെ വിലയുണ്ടെന്ന് എസ്.സി.എം.എസ് ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ഡയറക്ടർ പ്രൊഫ. പ്രദീപ്. പി. തേവന്നൂർ, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സി. മോഹൻകുമാർ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

വിദേശങ്ങളിൽ മെത്തനോൾ, ഈതർ തുടങ്ങിയ ഓർഗാനിക് ലായനികൾ ഉപയോഗിച്ചാണ് സ്റ്റീവിയോസൈഡ് വേർതിരിച്ചെടുക്കുന്നത്. ഉണങ്ങിയ സ്റ്റീവിയ ഇലകൾ ലായനിയാക്കി മാറ്റി അവയിൽനിന്ന് സ്റ്റീവിയോസൈഡ് വേർതിരിച്ചെടുക്കാമെന്നാണ് എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ ഗവേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. മെത്തനോൾ, ഈതർ തുടങ്ങിയ ഉപയോഗിച്ച് സ്റ്റീവിയോസൈഡുകൾ വേർതിരിച്ചാൽ പിന്നീട് ഇവ ശുദ്ധീകരിക്കുന്നതിന് ഏറെ സമയവും സങ്കേതിക വിദ്യകളും വേണ്ടിവരുമെന്നും സ്റ്റീവിയയുടെ ഇല സ്ഥിരമായി കഴിക്കുന്നതും ചായയിലോ കാപ്പിയിലോ സ്റ്റീവിയ ഇല ഇട്ടു കുടിക്കുന്നതും പ്രമേഹത്തെ നിയന്ത്രിക്കുമെന്നും ഗവേഷണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ഡോ. സി. മോഹൻ കുമാർ പറഞ്ഞു

കേരളകൗമുദി ശതാബ്ദി ഇന്റർകൊളീജിയേറ്റ് മത്സരം

കൊല്ലം : കേരളകൗമുദി ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കൊല്ലം കന്റോൺമെന്റ് മൈതാനത്ത് ഏപ്രിൽ ഒന്നി നാരംഭിക്കുന്ന അഖിലേന്ത്യാ പ്രദർശനത്തോടനുബന്ധിച്ച് ഇന്റർകൊളീജിയേറ്റ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പ്രസംഗം, ഉപന്യാസം, കഥാകവിത സാഹിത്യമത്സരങ്ങൾ, നൃത്തം, മിമിക്സ്, പദ്യപാരായണം, ചലച്ചിത്രഗാനം എന്നിവയിലാണ് മത്സരം.

ഏപ്രിൽ 1 മുതൽ നടക്കുന്ന എക്സിബിഷനിടയിൽ നിശ്ചിത തീയതികളിലായാണ് മത്സരം നടക്കുന്നത്.

മത്സരവിജയികൾക്ക്കേരള കൗമുദി ശതാബ്ദി ട്രോഫി അടക്കം വിവിധ പുരസ്കാരങ്ങൾ നൽകും. മത്സരത്തിൽ പങ്കെടുക്കുന്നവർ കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഹാജരാക്കണം. പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

ഫോൺ : 9946108306, 9745316022

രാഷ്ട്രീയപ്രവർത്തകർക്ക് പെരുമാറ്റച്ചട്ടം വേണം: വി.എം. സുധീരൻ

കണ്ണൂർ: ജനാധിപത്യവ്യവസ്ഥയുടെ സുഗമമായ നിർവഹണത്തിന് രാഷ്ട്രീയപ്രവർത്തകർക്ക് പെരുമാറ്റച്ചട്ടം ഉണ്ടാക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണെന്ന് കോൺഗ്രസ്സ് നേതാവ് വി. എം സുധീരൻ പറഞ്ഞു.

മാധവറാവു സിന്ധ്യയുടെ 66-ാം ജൻമദിനത്തോടനുബന്ധിച്ച് ഒരുക്കിയ അനുസ്മരണ സമ്മേളനത്തിൽ അനുസ്മരണപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നമ്മുടെ പാർലമെന്ററ്വ്യവസ്ഥ മഹനീയവും മനോഹരവുമാണ്. എന്നാൽ പാർലമെന്റിൽ ഇന്ന് നടക്കുന്നത് ജനാധിപത്യമൂല്യങ്ങളെ തകർക്കുന്ന തരത്തിലുള്ള പെരുമാറ്റങ്ങളാണ്. ഭിന്നാഭിപ്രായങ്ങൾ അവതരിപ്പിക്കാനും എതിർപ്പ് പ്രകടിപ്പിക്കാനും പാർലമെന്റിൽ വ്യവസ്ഥകളുള്ളപ്പോൾ സഭ സ്തംഭിപ്പിക്കുന്നത് ഒരിക്കലും ജനാധിപത്യത്തിന് നിരക്കുന്നതല്ല. ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിന് തുല്യമാണിത്. സുധീരൻ പറഞ്ഞു.

സ്വാമി ശാശ്വതികാനന്ദയുടെ ജന്മദിനാഘോഷം

തിരുവനന്തപുരം: സ്വാമി ശാശ്വതികാനന്ദയുടെ അറുപതാം ജന്മദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ശിവഗിരി ആക്ഷൻകൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്ന ആഘോഷം കൊല്ലം ജില്ലാ പ്രസിഡന്റ് പറവൂർ മോഹൻലാലിന്റെ അദ്ധ്യക്ഷതയിൽ മധു മാറനാട് ഉദ്ഘാടനം ചെയ്തു. വാവറഅമ്പലം സുരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി.

ശിവഗിരിയിൽ സ്വാമി വിദ്യാനന്ദയുടെ നേതൃത്വത്തിൽ സമാധി മണ്ഡപത്തിൽ പ്രത്യേക പ്രാർത്ഥനയും പുഷ്പാർച്ചനയും നടന്നു. വാവറഅമ്പലം സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കരിക്കകം ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു.

മംഗലപുരം തോന്നയ്ക്കലിൽ നടന്ന ആഘോഷപരിപാടികൾക്ക് ബി. ശശിധരൻ നേതൃത്വം നൽകി. കഴക്കൂട്ടം, ചിറയിൻകീഴ് മണ്ഡലങ്ങളിലെ വിവിധ സ്ഥലങ്ങളിലും ജന്മദിനാഘോഷം നടന്നു.

സ്വാമി ശാശ്വതികാനന്ദയുടെ ജന്മനാടായ മണക്കാട് കുത്തുകല്ലുംമൂട്ടിൽ നടന്ന ചടങ്ങിൽ സ്വാമിയുടെ മാതാവ് എൽ. കൗസല്യ പങ്കെടുത്തു. നെയ്യാറ്റിൻകരയിൽ കൊറ്റാമം രാജേന്ദ്രൻ, നരുവാമൂട്ടിൽ നടുക്കാട് ബിനു, മലയിൻകീഴ് പൊറ്റയിൽ രഘു, തിരുവനന്തപുരത്ത് ശിവഗിരി ആക്ഷൻ കൗൺസിൽ ജില്ലാ പ്രസിഡന്റ് എസ്. ഷാനവാസ്, മച്ചയിൽ പി. ബാഹുലേയൻ എന്നിവർ ജന്മദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകി.

കക്കൂസ് മാലിന്യ സംസ്കരണത്തിന് പ്ലാന്റുകൾ സ്ഥാപിക്കണം: ഹൈക്കോടതി

കൊച്ചി: കക്കൂസ് മാലിന്യ സംസ്കരണത്തിന് നിർബന്ധമായും പ്ലാന്റുകൾ സ്ഥാപിക്കാൻ ഹൈക്കോടതി സർക്കാരിനും തദ്ദേശ സ്ഥാപനങ്ങൾക്കും ഉത്തരവ് നൽകി.

മൂന്നാർ മേഖലയിൽ സീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി അഭിഭാഷക സുധ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ, ജസ്റ്റിസ് ബി.പി. റേ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ നിർദ്ദേശം. കേസിൽ പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഇഷിതാ റോയി കോടതി നിർദ്ദേശപ്രകാരം ഇന്നലെ നേരിട്ട് ഹാജരായി.

മൂന്നാറിൽ മാത്രമല്ല, മറ്റ് നഗരങ്ങളിലും മുനിസിപ്പാലിറ്റികളിലും സംസ്കരണ പ്ലാന്റുകൾ വേണ്ടതാണ്. സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് പല ഏജൻസികളും ഏറ്റെടുത്ത് നടത്തുന്നുണ്ടെങ്കിലും, മാലിന്യം എവിടെ തള്ളുന്നുവെന്ന് മുനിസിപ്പാലിറ്റിയോ പഞ്ചായത്തോ അന്വേഷിക്കുന്നില്ലെന്ന് കോടതി കുറ്റപ്പെടുത്തി. കുടിവെള്ള സ്രോതസുകളായ നദികളിലും, കായലിലും മാലിന്യം തള്ളുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ കടുത്ത അലംഭാവം കാട്ടുകയാണ്. കോടതി ഇടപെടുമ്പോൾ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതല്ലാതെ ഫലമൊന്നുമില്ല. അതിനാൽ സമയബന്ധിതമായി ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കണം. വിവിധ വകുപ്പുകളും ശുചിത്വമിഷനും തമ്മിൽ മതിയായ ഏകോപനമില്ലാത്തതാണ് കാലതാമസത്തിന് കാരണം. നിശ്ചിത സമയത്തിനകം പദ്ധതി നടപ്പാക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം പ്രവർത്തിക്കണം. ഇതിനായി കേസിൽ ചീഫ് സെക്രട്ടറിയെ കക്ഷി ചേർത്തിട്ടുണ്ട്.

മുനിസിപ്പാലിറ്റികളിൽ 60ലേറെ പ്ലാന്റുകൾ സ്ഥാപിക്കാനാണ് തീരുമാനമെന്ന് പരിസ്ഥിതി വകുപ്പ് സെക്രട്ടറി അറിയിച്ചു. സ്ഥലലഭ്യതയുടെ പ്രശ്നമുള്ളതിനാൽ ഇത് പ്രായോഗികമല്ലെന്ന് കോടതി വ്യക്തമാക്കി. സമീപ മുനിസിപ്പാലിറ്റികളെ ഉൾപ്പെടുത്തി പൊതുപ്ലാന്റുകൾ പരിഗണിക്കാവുന്നതാണ്. ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിക്കുന്നിടത്തും സീവേജ് പ്ലാന്റ് പരിഗണിക്കാവുന്നതാണ്. കൊച്ചി നഗരസഭ, കളമശേരി, തൃക്കാക്കര, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികൾക്കായി പൊതുവായ ഒരു പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. സെപ്റ്റിക് ടാങ്ക് വൃത്തിയാക്കലിന് അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തണം. സംസ്കരണ ചെലവ് ഈടാക്കാമെന്ന് കോടതി പറഞ്ഞു. ഏപ്രിൽ 12ന് ആദ്യ റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

.വേലായുധൻ പണിക്കശ്ശേരി



കൃഷ്ണൻ മേത്തല

കെ. എം.സജീവ്



പൊന്നുമാസ്റ്റർ

ഗുരുചൈതന്യ അവാർഡുകൾ പ്രഖ്യാപിച്ചു

തൃശൂർ: പെരുമ്പാവൂർ ശ്രീനാരായണ സാഹിത്യ അക്കാഡമിയുടെ ഗുരുചൈതന്യ അവാർഡുകൾ പ്രഖ്യാപിച്ചു.

വേലായുധൻ പണിക്കശ്ശേരി (മികച്ച ചരിത്രകാരൻ-ഡോ.പല്പു, അയ്യങ്കാളി മുതൽ വി.ടിവരെ), ഐ.ആർ. കൃഷ്ണൻ മേത്തല (ഗുരു സാഹിത്യകാരൻ-ശ്രീനാരായണഗുരു കഥകളിലൂടെ), കുന്നത്തുനാട് യൂണിയൻ ശ്രീനാരായണ എംപ്ലോയീസ് ഫോറം പ്രസിഡന്റ് കെ. എം.സജീവ് (ഗുരുപ്രസ്ഥാന നേതാവ്), എസ്.എൻ.ഡി.പി യോഗം ഡയറക്ടർ കെ.എ. പൊന്നുമാസ്റ്റർ (ഗുരുസന്ദേശ പ്രചാരകൻ) എന്നിവരാണ് അവാർഡുകൾക്ക് അർഹരായതെന്ന് ശ്രീനാരായണ സാഹിത്യ അക്കാഡമി ചെയർമാൻ ഡോ. ഷൊർണൂർ കാർത്തികേയൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

AUMUDI